"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം- ശ്രീ. നിഖിൽ പി. എം എന്നവർക്ക് ഓവർസിയർ ഗ്രേഡ് III തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.3050/2025/LSGD തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. സ.ഉ(അച്ചടി) നം. 15/2020/ഉഭപവ, തീയതി 28.10.2020.
2. ശ്രീ. നിഖിൽ പി. എം-ന്റെ, 11.09.2025-ലെ അപേക്ഷ.
3. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ, 12.08.2025-ലെ RE III (2) 478163/21 നമ്പർ നിയമന ശിപാർശ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ(റൂറൽ) 25.08.2025-ലെ LSGD/PD/47934/2023-DEE2 നമ്പർ നിയമന ഉത്തരവ്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ, 18.09.2025-ലെ LSGD/PD/28491/2025-DEE2 നമ്പർ കത്ത്.

ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പരാമർശം (3) പ്രകാരം നൽകിയ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് III തസ്തികയിൽ പരാമർശം (4) പ്രകാരം നിയമിതനായ, ശ്രീ. നിഖിൽ പി. എം, S/o മത്തായി പി. എ, പുറങ്ങാട്ടിൽ ഹൗസ്, മാണ്ടാട് പി. ഒ, വയനാട്, എന്നവർ, 30.11.2023-നുണ്ടായ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ തുടരുന്ന സാഹചര്യത്തിൽ, പ്രസ്തുത ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി 18 മാസത്തേക്കു ദീർഘിപ്പിച്ചു നൽകണമെന്നു പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തു പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപകടത്തെ തുടർന്നു ശയ്യാവലംബിയായ ശ്രീ. നിഖിൽ പി. എം-നു നിലവിലുള്ള അവസ്ഥയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാത്ത

സാഹചര്യം നിലനിൽക്കുന്നത് കണക്കിലെടുത്ത്, പ്രത്യേക കേസായി പരിഗണിച്ച്, നിലവിലെ വ്യവസ്ഥകളിൽ ഇളവു വരുത്തി, പരാമർശം (1)-ന്റെ 3(ix) പ്രകാരം, ടിയാൾക്ക തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസിയർ ഗ്രേഡ് III തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള **കാലാവധി നീട്ടിക്കൊടുക്കുന്നത് ഒറ്റത്തവണത്തേക്കായി പരിമിതപ്പെടുത്തിക്കൊണ്ടും**, കെ.എസ് &എസ്.എസ്. ആർ ഭാഗം II, ചട്ടം 27(c)-യുടെ ഒന്നാം പ്രൊവിസോ പ്രകാരം, ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ സീനിയോറിറ്റി കണക്കാക്കുകയുള്ളു എന്ന വ്യവസ്ഥയോടെയും, ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ടിയാളുടെ കാലാവധി 25.08.2025 **മുതൽ 24.02.2027 വരെ 18 മാസം ദീർഘിപ്പിച്ചു നൽകി** ഉത്തരവാകുന്നു. *ശ്രീ. നിഖിൽ പി. എം, 25.02.2027 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. നിഖിൽ പി. എം, S/o മത്തായി പി. എ, പുറങ്ങാട്ടിൽ ഹൗസ്, മാണ്ടാട് പി. ഒ, വയനാട്
(തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (EWB2/199/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 24-12-2025 09:52:23